കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കഠിനംകുളം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.11/1067/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

Phone : 0471 2331231

തീയതി: 19-11-2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കഠിനംകുളം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

## തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2020 മുതൽ 29.09.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സാബു.ജി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ).<br>ശ്രീമതി ബിന്ദു.ഒ,<br>അസി.ഓഡിറ്റ് ഓഫീസർ.<br>ശ്രീ. സുജേഷ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി സീന.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |

| | |
|---|---|
| | ശ്രീ. അൻവർ രാജ്.എം,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. വിനുകുമാർ.പി.കെ,<br>ഓഡിറ്റർ. |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.ഫെലിക്സ് | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീമതി.ആമിനാഭായി.എ | 01.04.2018 മുതൽ 22.04.2018 വരെ |
| | ശ്രീമതി മിനി.ജെ | 23.04.2018 മുതൽ 31.03.2019വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സീമ.വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ശ്രീ.ഗോഡ്ഫ്രീ പെരേര | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി.സിമി ദിവാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. ബിനോദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ശ്രീകുമാരി | 01.04.2018 മുതൽ 11.06.2018 വരെ |
| | ശ്രീമതി.ബിന്ദു.വി | 12.06.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-എ) | ശ്രീ.ഹരിശങ്കർ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-ബി) | ശ്രീമതി.സീന | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.മുഹമ്മദ് റാഫി | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സന്തോഷ് കുമാർ.കെ.വി | 01.04.2018 മുതൽ 31.05.2018വരെ |
| | ശ്രീമതി ജയലക്ഷമി.ബി | 01.06.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | ശ്രീമതി.ശ്രീത | 01.04.2018 മുതൽ 31.03.2019വരെ |
| സബ് ഇൻസ്പെക്ടർ -ഫിഷറീസ് | ശ്രീ. ദിലീപ് കുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| അസി.സെക്രട്ടറി | ശ്രീ. അനിൽകുമാർ | 01.04.2018 മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>

| | വിഷയം | |
|---|---|---|
| | | |

| ക്രമ നം. | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് അപാകതകൾ – വകയിരുത്താതെയും, വകയിരുത്തിയതിൽ കൂടുതലും ചെലവ് ചെയ്തു | 1-12 |
| 13 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് - വരുമാനത്തിൽ ചോർച്ച | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 15 | റിസോർട്ട് ഉടമകളിൽ നിന്ന് വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല | 1-15 |
| 16 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ – ഫയൽ ഹാജരാക്കിയിട്ടില്ല | 1-16 |
| 17 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-18 |
| 19 | ലേലം നിബന്ധന പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയില്ല - 23036/- രൂപയുടെ നഷ്ടം | 1-19 |
| 20 | ഇ- ടെണ്ടർ ഫാറം വില പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-21 |
| 22 | പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല. 1167972/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 23 | നിക്ഷേപ പ്രവൃത്തികൾ - തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-23 |
| 24 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ- തുക ചെലവഴിച്ചതിന്റെ | 1-24 |

| | | |
|---|---|---|
| | വിശദീകരണം ലഭ്യമല്ല | |
| 25 | എൽ.പി സ്കൂൾ ലൈബ്രറികൾക്ക് ഷെൽഫ് വാങ്ങൽ- സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമല്ല | 1-25 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-26 |
| 27 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല | 1-27 |
| 28 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല | 1-28 |
| 29 | ജൈവ സമൃദ്ധി - തരിശ് ഭൂമി കൃഷി- മാർഗ്ഗ നിദ്ദേശം പാലിച്ചിട്ടില്ല | 1-29 |
| 30 | കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ – പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു | 1-30 |
| 31 | ഹരിത ഭവനം- പദ്ധതി നിർവ്വഹണം- മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-31 |
| 32 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല | 1-32 |
| 33 | സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-33 |
| 34 | അമൃതം ന്യൂട്രിമിക്സ് – അംഗനവാടികളിലെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല | 1-34 |
| 35 | ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്തണം | 1-35 |
| 36 | ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകത | 1-36 |
| 37 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർ ആനുകൂല്യം കൈപ്പറ്റി – 26,376/- രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 38 | സ്പോർട്സ് കിറ്റ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല – 91,816/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-38 |
| 39 | യുവജനങ്ങൾക്ക് കായികപരിശീലനം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 63,676/- രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 40 | ലൈഫ് ഭവനപദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-40 |
| 41 | ലൈഫ് ഭവനപദ്ധതിയിൽ കേസിൽപ്പെട്ട് കിടക്കുന്ന സ്ഥലത്തിന്റെ ഈടിൽ തുകകൾ അനുവദിച്ചു | 1-41 |
| 42 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 20,62,620/- രൂപ തടസ്സപ്പെടുത്തുന്നു | 1-42 |
| 43 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു | 1-43 |

| | | |
|---|---|---|
| | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 18,00,402/- രൂപ തടസ്സപ്പെടുത്തുന്നു | |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 44 | ലേലം നിബന്ധന പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയില്ല - 23,036/- രൂപയുടെ നഷ്ടം | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 53 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| 56 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

31.03.2018 ലെ 1-1-ാം നമ്പർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 54,99,58,272/-രൂപയും പ്രതീക്ഷിത ചെലവ്

52,04,85,000/- രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 12.06.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,58,09,639 |
| വരവ് | 19,90,69,054 |
| ആകെ | 23,48,78,693 |
| ചെലവ് | 15,98,39,043 |
| നീക്കിയിരിപ്പ് | 7,50,39,650 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 329,17,711 | 329,17,711 | 329,17,711 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 55,85,975 | 55,85,975 | 55,85,975 | 0 |
| സി.എഫ്.സി. ഗ്രാന്റ് | 0 | 156,19,799 | 156,19,799 | 156,19,799 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 156,19,520 | 156,19,520 | 156,19,520 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 56,64,546 | 56,64,546 | 56,64,546 | 0 |
| ബി ഫണ്ട് | 0 | 9,48,920 | 9,48,920 | 9,48,920 | 0 |
| ഇൻഡ്യൻ ബാങ്ക് (തനതു ഫണ്ട്) | 316,15,800 | 252,12,526 | 568,28,326 | 49,48,276 | 518,80,050 |
| റ്റി.എസ്.ബി (തനതു ഫണ്ട്) | 32,13,352 | 187,85,113 | 219,98,465 | 1,77,813 | 218,20,652 |
| യൂണിയൻ ബാങ്ക് | 74,520 | 0 | 74,520 | 0 | 74,520 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | | | | | |
| ഇൻഡ്യൻ ബാങ്ക് ഹെൽത്ത് ഇൻഷ്യൂറൻസ് | 6,18,807 | 0 | 6,18,807 | 0 | 6,18,807 |
| എസ്.ബി.എെ ഇ-പേയ്മെന്റ് | 91,999 | 930,44,825 | 931,36,824 | 926,19,824 | 5,17,000 |
| സാക്ഷരത (DCB) | 99 | 0 | 99 | 0 | 99 |
| എം.എൻ.ആർ. ഇ. ജി.എസ്. | 19,772 | 12,57,400 | 12,77,172 | 11,81,168 | 96,004 |
| ക്യാഷ് | 1,75,290 | 32,518 | 2,07,808 | 1,75,290 | 32,518 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 342044915 | 161 | 131738368 | - | 70 | 70% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 19772 | 1257400 | 1277172 | 1181168 | 96004 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23061638 | 23061638 | 23061638 | 0 |
| ആകെ | 19772 | 24319038 | 24338810 | 24242806 | 96004 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,28,920 | 136 |
| കർഷകതൊഴിലാളി പെൻഷൻ | 3,75,600 | 32 |
| വിധവാപെൻഷൻ | 234,39,200 | 1974 |
| വാർദ്ധക്യകാലപെൻഷൻ | 4,64,34,200 | 3863 |
| വികലാംഗപെൻഷൻ | 92,22,000 | 770 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 7,20,000 | 24 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 7,86,700 | 66 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2020 വൈകുന്നേരം 3.30 മണിക്ക് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16570/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്ത്‌രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് സമയപരിധിക്കുള്ളിൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്

2. ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിനായി 02.07.2009 ലെ സ.ഉ.(കൈ)നം. 123/2009/ ത.സ്വ.ഭ.വ. ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ ത.സ്വ.ഭ/29.01.2018 ഖണ്ഡിക 11.3 പ്രകാരം ഗ്രാമസഭ അംഗീകരിച്ച അന്തിമ മുൻഗണനാലിസ്റ്റിന്റെ മുൻഗണനാക്രമം തെറ്റാതെ ഭരണ സമിതി അംഗീകാരം നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിൽ 10.10.18 ന് കൂടിയ സ്പെഷ്യൽ ഗ്രാമസഭ വഴി പൊതു വിഭാഗം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകാരം നൽകി ആനുകൂല്യം അനുവദിക്കുന്നതായി കാണുന്നു ( ഉദാ. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. കട്ടമരം, വൃദ്ധർക്ക് കട്ടിൽ, ക്ഷീര സമൃദ്ധി, ജൈവസമൃദ്ധി-തരിശുഭൂമി കൃഷി). സർക്കാർ മാർഗ്ഗരേഖ അനുശാസിക്കുന്ന പ്രകാരം ഗ്രാമ സഭ വഴിയല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം അല്ലാതെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യത്തിൽ അംഗീകാരം നൽകുന്ന ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രസ്തുത ചെലവിന് ഉത്തരവാദിയായിരിക്കുന്നതാണ്.

4. 2018-19 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ വിവിധ പ്രവൃത്തി ഫയലുകൾ, മിനിട്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

5. തെരുവ് വിളക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും 2018-19 ൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി. യുമായി ചേർന്ന് നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

6. പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിലും (462എണ്ണം) ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.2018-19 സാമ്പത്തിക വർഷം വാട്ടർ ചാർജ്ജിനത്തിൽ 20,21,250/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക വരുത്തിയിട്ടുണ്ട്.

7. ജി.ഒ(പി) 119/2015, ധനം 21.3.15 , ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7-A മാതൃകയിലുള്ള ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് രേഖപ്പെടുത്തണം. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്കിൽ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കാൻ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

8. ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. ഓരോ സെക്ഷനുകളിലും പുതുതായി ഉദ്യോഗസ്ഥർ ചുമതല ഏൽക്കുമ്പോൾ ചാർജ്ജ് കൈമാറുന്ന റിപ്പോർട്ട്, കൈമാറുന്ന ഫയലുകളുടെ വിശദാംശം എന്നിവ നൽകുന്നില്ല. ഇതുമൂലം ഭൂരിഭാഗം ഓഡിറ്റ് എൻക്വയറികൾക്കും മുൻപ് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമാക്കി നൽകാമെന്നുള്ള മറുപടിയാണ് നൽകുന്നത്.

# 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2019 മുതൽ 11.07.2019 വരെ | 4/2019 മുതൽ 6/2019 വരെ | 05.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2016 മുതൽ 17.10.2016 വരെ | 2011-12 മുതൽ 2015-16 വരെ | 18.11.2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.11/

1187/2019 തീയതി 22.07.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ബജറ്റ് അപാകതകൾ-വകയിരുത്താതെയും, വകയിരുത്തിയതിൽ കൂടുതലും ചെലവ് ചെയ്തു

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.എന്നാൽ ചുവടെ ചേർത്തിരിക്കുന്നവയ്ക്ക് അത്തരത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ബജറ്റിൽ വകയിരുത്താതെ ചെലവഴിച്ച തുക</u>

| Head code | ഇനം | വാർഷിക ധനകാര്യ പത്രികയിലെ തുക |
|---|---|---|
| 2501011 01 | Agricultural and related sector-Vegetables | 60000/- |
| 2501039 01 | Animal Husbandary -infrastructure | 199998/- |
| 2501052 01 | Inland Pisciculture | 200000/- |
| 2501061 01 | Fisheries infrastructure-General | 446780/- |
| 2511010 01 | Arts and culture | 155492/- |
| 2516008 01 | General Economic Services-other Plan Expenditure | 1305428/- |
| 2516006 01 | General Economic Services<br>Good governance | 48559/- |

2. <u>ബജറ്റിൽ കുറവ് വകയിരുത്തി കൂടുതൽ ചെലവു ചെയ്തവ.</u>

| Head code | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | 2018-19 ലെ പരിഷ്കരിച്ച ബജറ്റിൽ ഉൾപ്പെടുത്തിയ തുക | വാർഷിക ധനകാര്യ പത്രികയിലെ തുക |
|---|---|---|---|---|
| 2501005 | Agricultural and | 200000/- | ഇല്ല | 360000/- |

| | | | | |
|---|---|---|---|---|
| 01 | related Sectors-Dairy development | | | |
| 2501051 01 | Marine Pisciculture | 200000/- | ഇല്ല | 1344119/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 19/20 നുള്ള മറുപടിയിൽ സാംഖ്യ-സുലേഖ ഹെഡുകൾ സിങ്ക്രണൈസേഷൻ വഴിയായി തെറ്റായി വന്നിട്ടുള്ളതും ഭാവിയിൽ പ്രസ്തുത ഹെഡുകൾ കറക്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുവാൻ സാങ്കേതിക സഹായംക്കൂടി തേടണമെന്നും അഭിപ്രായപ്പെടുന്നു.

# 1-13 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്- വരുമാനത്തിൽ ചോർച്ച

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 11(3) പ്രകാരം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും II-ാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുമാണ്.

കാറ്റഗറി II ഗണത്തിൽപ്പെട്ട കഠിനംകുളം ഗ്രാമപഞ്ചായത്തിൽ വാസഗൃഹങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിനു 3/-രൂപ നിരക്കും വാണിജ്യാവശ്യങ്ങൾക്കുള്ളവയ്ക്ക് ഒരു ചതുരശ്ര മീറ്ററിനു 5/-രൂപ നിരക്കിലുമാണ് പെർമിറ്റ് ഫീ ഈടാക്കേണ്ടത്.

2018-19 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പെർമിറ്റ് ഫീ അനുവദിച്ചിരിക്കുന്നത് കുറവായിട്ടാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉത്തരവ് നം/ തീയതി | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റെ വിനിയോഗം | വിസ്തൃതി/ നിരക്ക് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | വ്യത്യാസം വന്ന തുക |
|---|---|---|---|---|---|---|
| 201/13/2018-19 5.02.2019 | ഷീന ഫ്രെഡി ജസ്റ്റസ് ഹൗസ് ശാന്തിപുരം | പാർപ്പിടം | 98ച.മി/ 3രൂപ | 158 | 294 | 136 |
| 230/1180/2018- | നസീല/അൽ | പാർപ്പിടം | 158.51ച.മി/ | 208 | 476 | 268 |

| | | | | | | |
|---|---|---|---|---|---|---|
| 19<br>1.03.2019 | അമീൻ<br>ജെ.എം<br>മൻസിൽ<br>ചിറയ്ക്കൽ | | 3രൂപ | | | |
| 237/1482/<br>2018-19<br>11.03.19 | പ്രജിത്ത്<br>കുമാർ/<br>സുജാത<br>എസ്.പി.എൽ<br>നിവാസ്<br>വിയണ്ണൂർ | പാർപ്പിടം | 170.70ച.മി/<br>3രൂപ | 362 | 512 | 150 |
| 173/9430/<br>2018-19<br>04.02.19 | സുലൈമാൻ<br>മണക്കാട്ടിൽ<br>വീട് | വാണിജ്യം | 34.86ച.മി/<br>5രൂപ | 96 | 174 | 78 |

ഇതു സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം 18/20 നുള്ള മറുപടിയിൽ മേൽ വ്യക്തികൾക്ക് ബാക്കി തുക അടവാക്കുന്നതിനു കത്തു നൽകിയെന്നു അറിയിച്ചിട്ടുണ്ട്.

കെട്ടിട ഉടമകളിൽ നിന്നും നിയമാനുസൃതമായ പെർമിറ്റ് ഫീ ഈടാക്കി തനതു വരുമാനത്തിൽ വർദ്ധനവ് വരുത്തുവാൻ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011പ്രകാരവും സ.ഉ(അ) നം 19/2011/തസ്വഭവ തീയതി 14.01.2011 പ്രകാരമുള്ള പട്ടിക 1അനുസരിച്ച് മൊബൈൽ ടവറുകളിൽ നിന്ന് ഒരു ചതുരശ്ര മീറ്ററിനു 500/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി, കുടിശ്ശിക നികുതി എന്നിവ ഈടാക്കാനുള്ളതായി കാണുന്നു. ആയതിനു പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 27/20 (25.09.2020) നു മറുപടി ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | വർഷം | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 3/79 | Manager | 2018-19 ( I &II half) | 6804/- |

| | | | |
|---|---|---|---|
| | Wireless info services | | |
| 3/750 | Reliance Jio inform | 2015-16 മുതൽ 2018-19 വരെ | 2708/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതിയും കുടിശ്ശികയും ഉടനടി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുകകൾ ഈടാക്കി സെക്രട്ടറി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 റിസോർട്ട് ഉടമകളിൽ നിന്ന് വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011പ്രകാരവും സ.ഉ(അ) നം 19/2011/തസ്വഭവ തീയതി 14.01.2011 പ്രകാരമുള്ള പട്ടിക 1അനുസരിച്ച് റിസോർട്ടുകളിൽ നിന്ന് ഒരു ചതുരശ്ര മീറ്ററിനു 90/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന റിസോർട്ടുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു.ആയതിനു പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/20 (25.09.2020) നു മറുപടി ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ച.മീ/നിരക്ക് | വർഷം | അടവാക്കുവാനുള്ള തുക (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 14/376 | The Lintas Golden Beach | താഴത്തെ നില 171 ച.മീ<br>ഒന്നാം നില 174 ച.മീ<br>നിരക്ക് 90/-രൂപ | 2011-12 മുതൽ 2017-18 വരെ | 146174/- |
| 2/175/1 | Royal blue hotel | താഴത്തെ നില 1222 ച.മീ<br>ഒന്നാം നില 1222 ച.മീ<br>രണ്ടാം നില 1222 ച.മീ<br>നിരക്ക് 90/-രൂപ | 2012-13മുതൽ 2014-15 വരെ, 2017-18 I st half | 1014831/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതിയും കുടിശ്ശികയും ഉടനടി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-ഫയൽ ഹാജരാക്കിയില്ല

കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 235(എ.എ) (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ തരം, വിസ്തീർണ്ണം, പൂർത്തികരണ തീയതി, നികുതി നിർണ്ണയം, നിലവിലെ സ്ഥിതി എന്നിവ പരിശോധിക്കുവാൻ ഫയലുകൾ ഹാജരാക്കുവാൻ നിർദേശം നൽകിയെങ്കിലും (ഓഡിറ്റ് റിക്വസിഷൻ നം 1/23.09.2020) ആയതു ഹാജരാക്കിയില്ല. രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നമ്പർ |
|---|---|---|
| 2018-19 | സീന സലീം,<br>ഷരീഫ മൻസിൽ, ചാന്നാങ്കര, റാഹത്ത് റോഡ് | XVI /153U/A |
| 2018-19 | ബെസ്ലിൻ.എഫ്<br>ബ്രിന്ദ ഹൗസ്, മര്യനാട്, പുതുകുറിച്ചി | XIX/284 |
| 2018-19 | ജേക്കബ് ജോർജ്ജ്/സരിത<br>ബെതലഹേം, ശാന്തിപുരം, പുതുകുറിച്ചി | XVIII/527 |
| 2018-19 | സൈനബ, ആറ്ററികത്ത് വീട്,<br>അണക്കപിള്ള പാലം, ചാന്നാങ്കര | IV/68 U/A |
| 2018-19 | മധുരമ്മ<br>അർത്തിയിൻപുരയിടം, മര്യനാട്, പുതുകുറിച്ചി | XVII 19/UA |
| 2018-19 | ലിയോ പോൾ/ജാസ്മിൻ<br>തെരുവിൻ തൈവിളാകം, പുതുകുറിച്ചി | XXII 22/302/UA |
| 2018-19 | ജേക്കബ്/മേരി സ്മിത,<br>പൂമുഖം ബംഗ്ലാവ്, ശാന്തിപുരം, പുതുകുറിച്ചി | 18/535/UA |

സർക്കാർ ഉത്തരവ് നം (എം,എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി

മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായിട്ടില്ല.

ഫയലുകൾ അടിയന്തിരമായി ഹാജരാക്കുവാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് നം (എം,എസ് ) 170/2016 തസ്വഭവ തീയതി 16.11.2016-ലെ ഉത്തരവ് (3) പ്രകാരമുള്ള രജിസ്റ്ററും തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-17 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത്'രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ 9 മുതൽ 24 വരെയുള്ള ചട്ടങ്ങൾ അനുശാസിക്കും പ്രകാരം കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (07/22.09.2020) ലഭ്യമാക്കിയ മറുപടിയിൽ, തുക ഈടാക്കുന്നതിനായി എല്ലാ റേഷൻ കടകൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും താലൂക്ക് സപ്ളൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നല്കുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

# 1-18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ഗ്രാപഞ്ചായത്ത് പ്രദേശത്ത് എന്തെങ്കിലും ആദായം ലഭിക്കുന്ന പ്രവൃത്തി ചെയ്ത ഏതൊരാളും തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം ചുവടെപ്പറയുന്ന വ്യക്തികൾ 2018-19 വർഷം വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഈടാക്കാന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറിയും അസി.എഞ്ചിനീയറും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|

| | |
|---|---|
| 1 | ശ്രീ.എം.നജ്ജം, തോട്ടത്തിൽ വീട്, സി.വി നല്ലൂർ |
| 2 | ശ്രീ.ആർ.ഗോപകുമാരൻ നായർ, കമുകറ വീട്, മീനംകുളം |
| 3 | ശ്രീ.റ്റി.ഗോപകുമാർ, അശ്വതി, കഴക്കൂട്ടം പി.ഓ |
| 4 | ശ്രീ.ജി.ഷാജി, പുത്തൻവീട്, അയണിമൂട് |
| 5 | ശ്രീ.ആർ.മണികണ്ഠൻ, ശിവകൃപ, കാട്ടായിക്കോണം |
| 6 | ശ്രീ.ചന്ദ്രശേഖരൻ, ആര്യ ഭവൻ, മേനംകുളം, കഴക്കൂട്ടം |
| 7 | ശ്രീ.ബി.മോഹനൻ, സീന നിവാസ്, കല്ലുംമൂട് |
| 8 | ശ്രീ.നാജാ.എസ്.ജെ, ഇബ്രാഹിംസ് ദ്വീപ്, ചിറ്റാറ്റുമുക്ക് |
| 9 | ശ്രീ.ജി.ശശീന്ദ്രൻ നായർ, മണിമംഗലം, കഴക്കൂട്ടം പി.ഓ |
| 10 | ശ്രീ.റ്റി.സനിൽകുമാർ, ഇന്ദീവരം, കഴക്കൂട്ടം |
| 11 | ശ്രീ.പ്രവീൺ.ഡി, ആറ്റിപ്ര വീട്, കുളത്തൂർ പി.ഓ |
| 12 | ശ്രീ.എസ്. പ്രദീപ്, കൊച്ചുവടക്കതിൽ വീട്, വി.എസ്.എസി.സി റോഡ് |
| 13 | ശ്രീ.കെ.മോഹനൻ നായർ, കൃഷ്ണവിലാസം, കല്ലുവിള |
| 14 | ശ്രീ.കെ.വിജയൻ, വിജയ ഭവൻ, മേനംകുളം, കഴക്കൂട്ടം പി.ഓ |
| 15 | ശ്രീ.മോഹനൻ കുമാരൻ നായർ, പണയിൽ വീട്, കൊയ്ത്തൂർകോണം |
| 16 | ശ്രീ.ജി.അജയകുമാർ, ഭാർഗ്ഗവതി നിലയം, കണിയാപുരം |
| 17 | ശ്രീ.ബി.സുരേഷ് കുമാർ, പ്ലാവിള വീട്, കാഞ്ഞിരംകുളം പി.ഓ |
| 18 | ശ്രീ.ശരത് രാജ് പി.ബി, ശരണ്യ നിവാസ്, പള്ളത്തുകരി |
| 19 | ശ്രീ.പി.അജി, കിഴക്കേവിളാകത്ത് വീട്, മേനംകുളം, കഴക്കൂട്ടം പി.ഓ |
| 20 | ശ്രീ.ഹാരി ഓസ്റ്റിൻ, ജീജ കോട്ടേജ്, വെട്ടുറോട്, കണിയാപുരം പി.ഓ |
| 21 | ശ്രീ.കെ.മുരളീധരൻ, എം.എം.നിവാസ്, വക്കം |
| 22 | ശ്രീ.എ.നൗഷാദ്, കൊടിവിള വീട്, വട്ടപ്പാറ |
| 23 | ശ്രീ.എസ്.രൂപക്, ദർശന, ശ്രീകാര്യം |

വരും വർഷങ്ങളിൽ കേരള പഞ്ചായത്ത്രാജ് ആക്ട് അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-19 ലേലം നിബന്ധന പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയില്ല - 23036/-രൂപയുടെ നഷ്ടം

2018-19 സാമ്പത്തിക വർഷം ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് ലേലം നൽകിയതു സംബന്ധിച്ച് ലേല നിബന്ധന പ്രകാരം,(നം. 1) മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിന്റെ അവകാശം

ലേലം പിടിക്കുന്നവർ ലേല തുകയുടെ 12% ജി എസ് ടി ഉൾപ്പെടെയുള്ള തുകയുടെ 25% തുക അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതും ലേല തുകയുടെ 25% തുക ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയതിനുശേഷം അടയ്ക്കേണ്ടതും ബാക്കി തുകയ്ക്ക് റവന്യൂ വകുപ്പിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. അവശേഷിക്കുന്ന ലേല തുക 30-6-2018, 30-09-2018 എന്നീ തീയതികൾക്ക മുൻപ് തുല്യ ഗഡുക്കളായി ഒടുക്കു വരുത്തി രസീത് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം 18% പലിശ ഈടാക്കുന്നതും ലേലം റദ്ദു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ പ്രസതുത ലേല ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് 23036/- രൂപയുടെ നഷ്ടം പിഴപ്പലിശ ഈടാക്കാത്തതിലൂടെ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-20 ഇ- ടെണ്ടർ ഫാറം വില പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായി (ടെണ്ടർ ഫീസ്) 188,720/- രൂപ വരവുണ്ടെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (1/22.09.20) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019 മാർച്ച് മാസം മുതൽ ടെണ്ടർ ഇനത്തിൽ വരുന്ന തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള 3712630924-ാം നം അക്കൗണ്ടിലേക്കാണ് ഒടുക്കു വരുത്തുന്നത് അസി.എഞ്ചിനീയർ അറിയിച്ചത്. ഇതിനു പ്രസ്തുത കാലയളവിന് മുമ്പായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുണ്ടെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഈയിനത്തിൽ വരവുള്ള തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്.14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും ഗ്രാമ പഞ്ചായത്ത് പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര്. കരാറുകാരൻ | അടങ്കൽ തുക , പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | കരാർ നംപർ, തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 165/19 | വൃദ്ധസദനം അറ്റകുറ്റപ്പണി ശ്രീ.ആർ ഗോപകുമാരൻ നായർ | 300000/- 2,70,911/- | 25.01.2017 | 45/16-17 04.03.17 | 2,709/- |
| 2 | 185/19 | നടുവാരം കോണോത്ത് റോഡ് ടാറിംഗ് ശ്രീ.ആർ.ഗോപകുമാരൻ നായർ | 5,35,760/- 5,18,381/- | 24.01.2017 | 48/16-17 09.03.17 | 5,184/- |
| 3 | 181/19 | പള്ളിനട ജന്മിമുക്ക് അണക്കപ്പിള്ള റോഡ് റീടാറിംഗ് ശ്രീ.കെ.മോഹനൻ നായർ | 10,00,000/- 8,83,739/- | 16.12.17 | 33/16-17 23.01.17 | 8,837/- |
| 4 | 192/19 | കഠിനംകുളം എൽ.പി.എസ്. കഞ്ഞിപ്പുര ബാലൻസ് വർക്ക് ശ്രീ. പ്രവീൺ.ഡി | 5,00,000/- 4,20,213/- | 21.12.17 | 33/17-18 31.01.18 | 4,202/- |
| 5 | 170/19 | കഠിനംകുളം പഴഞ്ചിറ റോഡ് മെറ്റലിംഗ് &ടാറിംഗ് ശ്രീ.എ.ഷിബു | 8,50,000/- 7,32,497/- | 17.10.17 | 15/17-18 28.11.17 | 7,325/- |
| 6 | 182/19 | ചാന്നാങ്കര റാഹത്ത് | 7,00,000/- | 17.10.17 | 14/17-18 | 6,205/- |

| | | | | | | |
|---|---|---|---|---|---|---|
| | | റോഡ് നിർമ്മാണം ശ്രീ.എ.ഷിബു | 6,20,461/- | | 28.11.17 | |
| 7 | 174/19 | ചേരമാൻ തുരുത്ത് അംഗൻവാടി പുനരുദ്ധാരണം ശ്രീ.ആർ.ഗോപകുമാരൻ നായർ | 1,75,598/-<br>1,75,598/- | 25.01.2017 | 42/17-18<br>27.02.17 | 1756/- |
| 8 | 94/19 | കരിഞ്ഞ വയൽ റോഡ് റീടാറിംഗ് ശ്രീ.ആർ.മണികണ്ഠൻ | 4,10,000/-<br>3,94,750/- | 22.06.2018 | 7/17-18<br>30.07.2018 | 3,948/- |
| 9 | 176/19 | ചിറയ്ക്കൽ ജാവാ കോട്ടേജ് റോഡ് പുനരുദ്ധാരണം ശ്രീ.എ.ഷിബു | 5,00,000/-<br>3,66,007/- | 17.10.17 | 13/17-18<br>28.11.17 | 3,660/- |
| | | | | | ആകെ തുക | 43,826/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (44/29.09.2020) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലെ അസി. എഞ്ചിനീയറായ ശ്രീമതി ജയലക്ഷ്മി മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധ രേഖകൾ ഫയലിനോടൊപ്പമോ മറുപടിയോടൊപ്പമോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥരിൽ ഉത്തരവാദിത്തം നിക്ഷിപ്തമാകുന്നതാണ്.

## 1-22 പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല. 1167972 രൂപ തടസ്സപ്പെടുത്തുന്നു

2018-19 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കാൻ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 11 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ഓഡിറ്റ് അവസാനിക്കുന്ന തീയതി വരെയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 29-09-2020 നൽകിയ മറുപടിയിൽ സെക്ഷൻ കൈകാര്യം ചെയ്ത ക്ലർക്കുമായി ബന്ധപ്പെട്ട് ഫയലുകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച 11,67,972 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ഫയലുകൾ ഹാജരാക്കാൻ തുടർനടപടി

സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം ചെലവ് തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായിതീരുന്നതുമാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നമ്പർ) | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (65/18-19) | 200000 | 2,00,000 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 2 | പി.എച്ച്.സി കെട്ടിടത്തിൽ റീ വയറിംഗും ഡീ അഡിക്ഷൻ സെന്ററിൽ ഇലക്ട്രിഫിക്കേഷനും (141/18-19) | 448820 | 3,81,076 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 3 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് ചാർജ്ജ് (180/18-19) | 300000 | 1,88,837 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 4 | കമ്മിറ്റി ഹാൾ, പഞ്ചായത്ത് ഹാൾ എന്നിവിടങ്ങളിൽ മൈക്ക് സെറ്റ്, കോർഡ് ലെസ് ഫോൺ എന്നിവ വാങ്ങൽ (212/18-19) | 100000 | 81,381 | തനത് ഫണ്ട് |
| 5 | കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ (220/18-19) | 600000 | 2,00,000 | തനത് ഫണ്ട് |
| 6 | ഐ.എസ്.ഓ സർട്ടിഫിക്കേഷൻ അനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടി എയർപോർട്ട് ചെയർ വാങ്ങൽ (249/18-19) | 300000 | 1,16,678 | തനത് ഫണ്ട് |
| | | ആകെ | 11,67,972 | |

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 നിക്ഷേപ പ്രവൃത്തികൾ- തുടർ നടപടികൾ സ്വീകരിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ, തുടർ നടപടി വിവരം എന്നിവ ഫയലിൽ ലഭ്യമല്ല.

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 110/18-19 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 499872 |
| ബിൽ നമ്പർ | 09/03-09-18 |

നിലവിൽ സ്ട്രീറ്റ് ലൈൻ ഇല്ലാത്ത പ്രദേശങ്ങളിൽ ലൈൻ ദീർഘിപ്പിക്കുന്നതിനായി കഴക്കൂട്ടം/ കണിയാപുരം കെ.എസ്.ഇ.ബി സെക്ഷൻ അസി.എക്സി.എഞ്ചിനീയർമാരുടെ അക്കൗണ്ടുകളിലേക്ക് യഥാക്രമം 249948, 249924 എന്നിങ്ങനെ തുകകൾ മേൽ പരാമർശിച്ച ബിൽ പ്രകാരം നിക്ഷേപിച്ചു. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം, തുടർനടപടി വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/25-09-2020) കണിയാപുരം സെക്ഷൻ ഓഫീസിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു എന്നും എന്നാൽ കഴക്കൂട്ടം സെക്ഷനിൽ നിന്നും സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/18-19 |
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 500000 |
| ബിൽ നമ്പർ | 06/29-06-18 |

23 വാർഡുകളിലെയും ജനറൽ വിഭാഗത്തിലെ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്ന പ്രോജക്ടിലേക്കായി കേരള വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയറുടെ 2018/7585 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 29/25-09-2020 നുള്ള മറുപടി)

<u>സി)</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 92/18-19 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ |
| അടങ്കൽ | 60000 |
| ചെലവ് | 60000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| | |

| | |
|---|---|
| ബിൽ നമ്പർ | 40/18-19<br>20-03-2019 |

നാല് അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിലേക്കായാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് ഫോറത്തിൽ നിർവ്വഹണ രീതി എപ്രകാരമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ നടത്തിപ്പിലേക്കായി 17-09-2018 ൽ ദർഘാസ് ക്ഷണിച്ചതിൽ ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനെതുടർന്ന് റീടെണ്ടർ നടത്തി. ഇതിലും ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്ത് നൽകാൻ 22-11-2018 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി. വാട്ടർ അതോറിറ്റിയുടെ DBI/190/19/WSDN/ATL നം കത്ത് പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുക വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. തുടർനടപടി വിവരം, വിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/25-09-2020 ) 2018-19 ൽ സെക്ഷൻ കൈകാര്യം ചെയ്ത ക്ലർക്കുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി.

ജി.ഓ (എം.എസ്) നം.87/2017/തസ്വഭവ തീയതി 03.04.2017 ഖണ്ഡിക 14(ix) ൽ നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള നടപടികളൊന്നും സെക്രട്ടറി സ്വീകരിച്ചതായി ഫയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനും സെക്രട്ടറി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ- തുക ചെലവഴിച്ചതിന്റെ വിശദീകരണം ലഭ്യമല്ല - 1,19,434/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 151/18-19 | |
| പ്രോജക്ടിന്റെ പേര് | ഐ.എസ്.ഓ സർട്ടിഫിക്കേഷൻ | |
| അടങ്കൽ | 100000 | വികസന ഫണ്ട് (ജനറൽ) |
| | 400000 | (തനത് ഫണ്ട്) |
| | | |

| | | |
|---|---|---|
| ചെലവ് | 100000 | വികസന ഫണ്ട് (ജനറൽ) |
| | 161474 | (തനത് ഫണ്ട്) |
| ബിൽ നമ്പർ | വികസന ഫണ്ട് (ജനറൽ) | 36/18-19<br>20-03-2019 |
| | തനത് ഫണ്ട് | 1.ചെക്ക് നമ്പർ 6031725/ 18-03-19 (19434 രൂപ)<br>2. ചെക്ക് നമ്പർ 6031771/ 31-03-19 (142040 രൂപ) |

ഐ.എസ്.ഓ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് (ജി.ഓ (എം.എസ്) 18/2015/ തസ്വഭവ തീയതി 29-01-2015)ബുക്കുകൾ ബൈന്റ് ചെയ്ത തരം തിരിച്ച് ഫയലുകൾ അടുക്കി സൂക്ഷിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. നടപ്പ് ഫയൽ നമ്പർ ബി5/5678/18 ൽ ഐ.എസ്. ഓ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ബുക്കുകൾ ബൈൻഡ് ചെയ്ത വകയിൽ Ms/ ക്വാക്സിൽ കൺസൾട്ടൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 44,840 രൂപ നൽകാവുന്നതാണെന്നും ഇതേ സ്ഥാപനത്തിന് തന്നെ ഫയലുകൾ തരം തിരിച്ച് അടുക്കിയ വകയിൽ 215000 രൂപ നൽകാവുന്നതാണെന്നും സെക്ഷൻ ക്ലർക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേൽ ജൂനിയർ സൂപ്രണ്ട് ബുക്കുകൾ ബൈൻഡ് ചെയ്ത വകയിൽ 44,840 രൂപ അനുവദിക്കാമെങ്കിലും ഫയലുകൾ തരം തിരിച്ച് വേർതിരിച്ച് ക്രമീകരിക്കുന്ന പ്രവൃത്തികൾ ഭാഗികമായി മാത്രം പൂർത്തീകരിച്ചതിനാൽ 97,200 രൂപ ഈയിനത്തിൽ നൽകിയാൽ മതിയെന്നും രേഖപ്പെടുത്തി. പ്രസ്തുത അഭിപ്രായം സെക്രട്ടറി 30-03-2019 ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർനടപടി വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇതുപ്രകാരം ആകെ അനുവദിക്കാനാവുന്ന തുക 1,42,040/- രൂപയാണ്. എന്നാൽ മേൽ പട്ടികയിൽ പരാമർശിക്കും പ്രകാരം 2,61,474/- രൂപ ചെലവ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

ഇതിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/25-09-2020) മറുപടിയായി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. ഇക്കാരണത്താൽ അധികം ചെലവ് ചെയ്ത 1,19,434/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-25 എൽ.പി സ്കൂൾ ലൈബ്രറികൾക്ക് ഷെൽഫ് വാങ്ങൽ- സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 247/18-19 |
| പ്രോജക്ടിന്റെ പേര് | എൽ.പി സ്കൂൾ ലൈബ്രറികൾക്ക് ഷെൽഫ് വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 221000 (മെയിന്റ.ഫണ്ട് നോൺ റോഡ്) |
| ചെലവ് | 220000 |
| ബിൽ നമ്പർ | 20/18-19<br>21-01-2020 |

ഏഴ് എൽ.പി സ്കൂൾ ലൈബ്രറികൾക്ക് ഷെൽഫ് വാങ്ങുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 2,20,000/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും 17 ഷെൽഫുകൾ വാങ്ങി. സ്റ്റോക്കിൽ എടുത്തതിന്റെയും സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെയും വിശദാംശം കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 148 അനുശാസിക്കും പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/25-09-2020) സെക്ഷൻ കൈകാര്യം ചെയ്ത ജീവനക്കാരനിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. സ്റ്റോക്ക്, വിതരണ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 22000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-26 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം കാലികമാക്കിയിട്ടില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-27 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ്

# കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-28 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2018-19 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ 3എണ്ണം തൻവർഷവും നടപ്പാക്കിയില്ല

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 193/19 | മര്യനാട് സൂപ്പർ മാർക്കറ്റ് ബീച്ച് റോഡ് പുനരുദ്ധാരണം | 5,50,000/-(ധന.കമ്മീഷൻ അവാർഡ്) |
| 2 | 197/19 | മദർ തെരേസ റോഡ് ബാക്കി ഭാഗം ടാറിംഗ് | 3,75,000/- (ധന.കമ്മീഷൻ അവാർഡ്) |
| 3 | 199/19 | കക്കൂസ് നിർമ്മാണം വുമൺ ഫ്രണ്ട് ലി | 10,00,000/- (വികസന ഫണ്ട്-പൊതു വിഭാഗം) |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(17/22.09.2020) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം.1 ലെ, പ്രവൃത്തി നടത്തേണ്ട റോഡിന്റെ അതിർത്തി തർക്കം പരിഹരിക്കുന്നതിനുള്ള കാലതാമസം കാരണം 2019-20 ൽ സ്പിൽ ഓവർ ആക്കാനിടയായത് എന്നും ക്രമ നം 2,3 എന്നിവ ഉപേക്ഷിച്ചതായും വിശദീകരിച്ചിട്ടുണ്ട്. പദ്ധതി വിഹിതം വകയിരുത്തി അവശ്യവിഷയം ലക്ഷ്യമാക്കി വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ വ്യക്തമായ കാരണങ്ങളില്ലാതെ ഒഴിവാക്കുന്നത് ഉചിതമായ പ്രവണതയല്ല. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മേൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-29 ജൈവ സമൃദ്ധി - തരിശ് ഭൂമി കൃഷി- മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജ. നം. 14/18-19 - ജൈവ സമൃദ്ധി - തരിശ് ഭൂമി കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ട് | വികസന ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ഗ്ര.വിഹിതം | ആകെ |
|---|---|---|---|---|---|
| അടങ്കൽ | 60,000 | 30000 | 30000 | 120000 | 2,40,000 |
| ചെലവ് | 60,000 | 30,000 | 30,000 | - | 1,20,000 |

| ബിൽ നം./തീയതി | തുക |
|---|---|
| 21/18-19- 23.03.19 | 60,000/- |
| ചെക്ക് നം.6031746/23.03.2019 | 60,000/- |

പഞ്ചായത്തിലെ 4 ഹെക്ടർ തരിശ് ഭൂമിയിൽ പച്ചക്കറി, വാഴക്കൃഷി എന്നിവ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000/- രൂപ സബ്സിഡി നൽകുന്നതിനായി 50% ഗ്രാമ പഞ്ചായത്ത് വിഹിതവും 25% ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 25% ജില്ലാ പഞ്ചായത്ത് വിഹിതവും വകയിരുത്തി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 115 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ട് പ്രകാരം 32 ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയലിനൊപ്പം ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഇതിൽ 12 ഗ്രൂപ്പുകളെ സ്പെഷ്യൽ ഗ്രാമസഭ 1 എന്ന പേരിൽ തെരഞ്ഞെടുത്ത് 16.10.2018-ലെ ഭരണസമിതിയുടെ സാധാരണ മീറ്റിംഗ് 11(21) നമ്പർ തീരുമാനം വഴി അംഗീകാരം നൽകിയതായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഗ്രാമ സഭ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിനു പുറമെ ആനുകൂല്യം ലഭിച്ചിട്ടുള്ള 12 ഗുണഭോക്തൃ ഗ്രൂപ്പുകളിൽ 16.10.2018-ലെ ഭരണസമിതിയുടെ സാധാരണ മീറ്റിംഗ് മിനിട്സ് പ്രകാരം ചിപ്പി കുടുംബശ്രീയൂണിറ്റ് മാത്രമാണ് ഉൾപ്പെട്ട് കാണുന്നത്. ഈ വിഷയത്തിൽ നൽകിയ 34/25.09.20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി മേൽ അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ല. സ്പെഷ്യൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ ജൈവസമൃദ്ധി പ്രോജക്ടിനായി ഗുണഭോക്താക്കളെ ശുപാർശ ചെയ്തിട്ടില്ല. തുടർ വർഷങ്ങളിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) സബ്സിഡി മാർഗ്ഗരേഖ സ.ഉ.(പി)22/2018/ത.സ്വ.ഭ.വ. പ്രകാരം തരിശു ഭൂമിയിലെ കൃഷിക്ക് ആനുകൂല്യം നൽകുന്നതിന് കൃഷി ഓഫീസർ കൃഷിസ്ഥലം പരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. അത്തരം പരിശോധന റിപ്പോർട്ട് കൂടാതെയാണ് തുക അനുവദിച്ചിട്ടുള്ളത്

3) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ.ഉ.(കൈ)11/2018ത.സ്വ.ഭ.വ ഖ 13, 11.4 എന്നിവ പ്രകാരം തയ്യാർ ചെയ്ത മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പദ്ധതി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം തയ്യാർ ചെയ്ത പദ്ധതി പൂർത്തീകരണ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരം പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി പ്രതിപാദിക്കുന്ന പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ തയ്യാർ ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-30 കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ – പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു

പ്രോജക്ട് . നം 246/18-19 കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വികസന ഫണ്ട് | ഗ്ര.വിഹിതം | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| അടങ്കൽ | 3,75,900/- | 1,25,300 | 5,01,200/- |
| ചെലവ് | 3,75,900/- | 1,25,300 | 5,01,200/- |

| ബിൽ നം./തീയതി | തുക |
|---|---|
| 17/18-19- 12.03.19 | 1,12,500/- |
| 18/18-19 – 12.03.19 | 75000/- |
| 19/18-19-12.03.19 | 1,50,000/- |
| 20/18-19 – 23.03.19 | 38,400/- |
| ഗുണഭോകതൃ വിഹിതം | വിശദാംശം ലഭ്യമല്ല. |

തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൊമ്പൻ ചെല്ലിയുടെ പ്രതിരോധത്തിനായി ഓലക്കവിളുകളിൽ വേപ്പിൻ പിണ്ണാക്കും മണലും കലർന്ന മിശ്രിതം നിറയ്ക്കുക, കൂമ്പു ചീയൽ രോഗത്തിനെതിരായി മാൻകോസിബ് സാഷെ വയ്ക്കുക. കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ തുടർച്ചയായി കൂടുതൽ തെങ്ങുകൾക്ക് കീടരോഗപ്രതിരോധ നടപടി വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അഗ്രോ സെന്റർ കഴക്കൂട്ടം വഴി നടപ്പിലാക്കിയ പദ്ധതിക്ക് ഒരു തെങ്ങിന് 100/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. 100/- രൂപ നിരക്ക് നിശ്ചയിച്ചതിന് ആധികാരിക രേഖ ഫയലിൽ ലഭ്യമാക്കിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.37/28.09.2020- ന് ലഭ്യമാക്കിയ മറുപടിയിൽ നിരക്ക് നിർണ്ണയിച്ചുകൊണ്ടുള്ള കൃഷി വകുപ്പിന്റെ 19.06.2019-ലെ സർക്കുലറാണ് ലഭ്യമാക്കിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം ബാധകമായ നിരക്ക് സാധൂകരിക്കുന്ന രേഖ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(പി)22/18/തസ്വഭവ ) പ്രകാരം കൃഷി ഭവൻ തലത്തിലെ പാടശേഖര സമിതികൾ, കർഷക സമിതികൾ എന്നിവ മുഖേന പദ്ധതി നടപ്പിലാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അഗ്രോ സർവ്വീസ് സെന്ററിനെ പദ്ധതിക്കായി തെരഞ്ഞെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അഗ്രോ സർവ്വീസ് സെന്ററിനെ പദ്ധതിക്കായി തെരഞ്ഞെടുത്തത്

സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(പി)22/18/തസ്വഭവ) പ്രകാരം കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥർ അംഗീകരിക്കണം. അതു വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും തീരുമാനത്തിന് വിധേയമായി നടപ്പാക്കാം. പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തയ്യാർ ചെയ്ത് അംഗീകാരം ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ 28.46 ഹെക്ടർ സ്ഥലത്തെ 5012 തെങ്ങുകൾക്ക് കീടരോഗബാധ നിവാരണ പ്രവർത്തനങ്ങൾക്കായി 501200/- രൂപ ആവശ്യമായതായാണ് കൃഷി വകുപ്പിനെ അറിയിച്ചിട്ടുള്ളത്. പ്രോജക്ട് വിശദാംശങ്ങൾ പ്രകാരം കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ തുടർച്ചയായി കൂടുതൽ തെങ്ങുകൾക്ക് കീടരോഗപ്രതിരോധ നടപടി വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത് എന്നതിനാൽ ആയതിനായി തയ്യാർ ചെയ്ത റിപ്പോർട്ട്, ബന്ധപ്പെട്ട വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണ സമിതി മിനിട്ട്സുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്ന വേളയിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ തുടർച്ചയായ പദ്ധതിക്കായി തുക ചെലവഴിച്ചിരിക്കുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തയ്യാർ ചെയ്ത് അംഗീകാരം ലഭിച്ച റിപ്പോർട്ടിൽ പരാമർശിച്ചതിൽ അധികമായി പ്രതിരോധപ്രവർത്തനങ്ങൾ, പദ്ധതിനിർവ്വഹണം എന്നിവ ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ആയത് സാധൂകരിക്കുന്ന റിപ്പോർട്ട് തയ്യാർ ചെയ്ത് പദ്ധതി നിർവ്വഹണം നടത്തുന്നതിനും ഓഡിറ്റിന്റെ പരിശോധനയ്ക്ക് രേഖകൾ ലഭ്യമാക്കുന്നതിനും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഹരിത ഭവനം- പദ്ധതി നിർവ്വഹണം- മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജ. നം. 12/18-19 - ഹരിത ഭവനം 2018-19

| ഫണ്ട് | വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത് | ഗ്ര.വിഹിതം | ആകെ |
|---|---|---|---|---|
| അടങ്കൽ | 5,60,000 | 5,60,000 | 6,99,200 | 18,19,200 |
| ചെലവ് | 39,000 | 70,000 | 9400 | 1,18,400 |

| ബിൽ നം./തീയതി | തുക |
|---|---|
| 11/18-19- 29.12.2019 | 29,100/-(വി.ഫ.) |
| 22/18-19 – 23.03.2019 | 9900/-(വി.ഫ) |
| ചെ.നം.1569169/31.12.2018 | 35,000/-(ജി.പ.) |
| ചെ.നം.-- | 35,000/-(ജി.പ.) |
| ചെ.നം.-- | 6580/-(ഗ്ര.വി.) |
| ചെ.നം. | 2820/-(ഗ്ര.വി.) |

കൃഷി, മൃഗസംരക്ഷണം, മാലിന്യസംസ്കരണം എന്നിവ ലക്ഷ്യമാക്കി കൃഷി, മാലിന്യ സംസ്കരണം, കിണർ റീചാർജിംഗ് വഴി ജലസംരക്ഷണം കോഴിയും കൂട്ടും എന്നിവ സമ്മിശ്രമായി നടപ്പിലാക്കുന്നതിന് ഒരു യൂണിറ്റിന് 22,740/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് സബ്സിഡിയായി 14,000/- രൂപയും ഗുണഭോകതൃവിഹിതമായി 8740/- രൂപയും (940/- രൂപ അടവ് വരുത്തുന്നു,7800/- രൂപ സ്വയം വഹിക്കുന്നു) അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി. നം.35/29.09.2020)

1. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018) പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം,ജലവിഭവസംരക്ഷണം, മാലിന്യസംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയുടെ പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത 4 വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ് (Beneficiary enrollment form). ഇത്തരത്തിൽ Beneficiary enrollment form ലഭ്യമാക്കിയതായി കാണുന്നില്ല. ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തിയുടെ

മോണിറ്ററിംഗിന് അനിവാര്യമായ എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിച്ചിട്ടില്ല എന്നതിൽ നിന്നും ഫണ്ടിനത്തിലെ ചെലവിനുപരിയായി പ്രോജക്ട് നിർവ്വഹണത്തിൽ മേൽനോട്ടം, തുടർ പരിശോധനകൾ എന്നിവ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാകുന്നു.

2. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018) പ്രകാരം മുട്ടക്കോഴി, കാട മുതലായ വളർത്തു പക്ഷികളെയും കൂടും പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന സാഹചര്യത്തിൽ, ശാസ്ത്രീയമായി തയ്യാർ ചെയ്ത ഹൈ ഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങി നൽകണം. മട്ടുപ്പാവിലെ കോഴി വളർത്തലിന് എൽ.എസ്.ജി.ഡി. ഓവർസിയർ കൂടിന്റെ വാല്വേഷൻ നിർവ്വഹിക്കണം. ഹരിതഭവനം പദ്ധതിയുടെ നിർവ്വഹണത്തിൽ കൂട് ഗുണഭോക്താക്കൾ വാങ്ങുന്ന രീതിയിൽ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നതിനാൽ, എൽ.എസ്.ജി.ഡി. ഓവർസിയർ കൂടിന്റെ വാല്വേഷൻ നിർവ്വഹിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. സ.ഉ.(കൈ)നം.215/2017/തസ്വ.ഭ.വ തീയതി. 14.02.2018 മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജിംഗ് നിർമ്മാണ പ്രവൃത്തികൾക്കായി ശുദ്ധീകരണ സംവിധാനമുൾപ്പെടെ കിണർ റീചാർജിംഗിലൂടെ പുരപ്പുറങ്ങളിലെ മഴവെള്ളം കിണറുകളിൽ എത്തിക്കുന്ന രീതിയോ, കിണറുകൾക്ക് സമീപം കുഴികളെടുത്ത് അവയിൽ മേൽക്കൂരകളിലെ മഴവെള്ളമെത്തിച്ച് മണ്ണിലൂടെ അരിച്ച് കിണറുകളിൽ എത്തിക്കുന്ന രീതിയോ ചെയ്യാവുന്നതാണ്. പദ്ധതിയോടനുബന്ധിച്ച് ഗുണഭോക്താക്കൾ നിർവ്വഹിച്ചിട്ടുള്ള കിണർ റീചാർജ് പ്രവൃത്തിയുടെ വാല്വേഷൻ സർട്ടിഫിക്കറ്റിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ വിശദാംശം ഓവർസിയർ രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് മേൽനോട്ട ചുമതലയുള്ള കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പും നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

4. വീട്ടുവളപ്പിലെ മാലിന്യങ്ങൾ പരിസ്ഥിതി സൗഹൃദമായി ജൈവവളമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് സിമന്റ് റിംഗ് നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. റിംഗ് കംപോസ്റ്റിംഗിൽ ശുചിത്വ മിഷൻ മാർഗ്ഗരേഖ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മേൽനോട്ട ചുമതലയുള്ള കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

5. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ 940/- രൂപ ഗുണഭോക്തൃ വിഹിതമായി അടവ് വരുത്തേണ്ടതുണ്ട്. എന്നാൽ ഈ തുകയുടെ(9400/-) ചെലവ്, ജില്ലാ പഞ്ചായത്ത് വിഹിതം (35,000/-) ചെലവ് എന്നിവ സാധൂകരിക്കുന്ന ചെക്കുകളുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ.ഉ.(കൈ)11/2018ത.സ്വ.ഭ.വ തീയതി 29.01.2018 ഖ 13, 11.4 എന്നിവ പ്രകാരം തയ്യാർ ചെയ്ത മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പദ്ധതി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം തയ്യാർ ചെയ്ത പദ്ധതി പൂർത്തീകരണ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരം പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി പ്രതിപാദിക്കുന്ന പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ തയ്യാർ ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഫണ്ടിന്റെ വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൽക്കനുസൃതമായി നടത്തുന്നതിനും തുടർ നടപടികൾ പരിശോധനാ വിധേയമാക്കുന്നതിനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും നിർവ്വഹണ ഉദ്യോഗസ്ഥനും ജാഗ്രത പുലർത്തേണ്ടതുണ്ട്. അപാകങ്ങളിന്മേൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ.(പി)നം.11/2018/ത.സ്വ.ഭ.വ, തീയതി 29.01.2018 ഖ11.3 പ്രകാരം ഗ്രാമസഭ അംഗീകരിച്ച അന്തിമ മുൻഗണനാലിസ്റ്റിന്റെ മുൻഗണനാക്രമം തെറ്റാതെ ഭരണ സമിതി അംഗീകാരം നൽകേണ്ടതാണ്. അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമെ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാർ ചെയ്യാവൂ. ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെ ആകണം. എന്നാൽ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.45/29.09.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിൽ 10.10.18 ന് കൂടിയ 'സ്പെഷ്യൽ ഗ്രാമസഭ' എന്ന പേരിൽ കൂടിയ

യോഗം വഴി പൊതു വിഭാഗം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകാരം നൽകി ആനുകൂല്യം അനുവദിച്ചിട്ടുണ്ട് (ഏതാനും ഉദാഹരണങ്ങൾ. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. കട്ടമരം, വൃദ്ധർക്ക് കട്ടിൽ, ക്ഷീര സമൃദ്ധി, ജൈവസമൃദ്ധി-തരിശുഭൂമി കൃഷി)

ഇത്തരത്തിൽ സ്പെഷ്യൽഗ്രാമസഭ കൂടി പൊതു വിഭാഗം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അനുവാദം നൽകുന്ന/സാധൂകരിക്കുന്ന രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ മാർഗ്ഗരേഖ അനുശാസിക്കുന്ന പ്രകാരം ഗ്രാമ സഭ വഴിയല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം അല്ലാതെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യത്തിൽ അംഗീകാരം നൽകുന്ന ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രസ്തുത ചെലവിന് ഉത്തരവാദിയായിരിക്കുന്നതാണ്.

# 1-33 സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വ്യവസ്ഥകൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 17/2018-19 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് കലാ കായിക മത്സരങ്ങൾ |
| അടങ്കൽ | 75000/-(വി ഫ ജനറൽ) |
| ചെലവ് | 64140/- |
| ബിൽ നം | 06/30-10-2018 |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ഭിന്നശേഷിക്കാർക്കായി നടത്തിയ കലാകായിക മത്സരങ്ങൾക്ക് കാറ്ററിംഗ്, ഫോട്ടോ ആൽബം എന്നിവയ്ക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

(എ) വൗച്ചർ നം- 176/07-10-2018, സബ് വൗച്ചർ നം 11, എസ്. എ കാറ്ററിംഗിന് 30,600/- രൂപ നൽകിയിട്ടുണ്ട്.

(ബി) സബ് വൗച്ചർ നം II, IIIഎന്നിവ പ്രകാരം അശ്വതി സ്റ്റുഡിയോ ആന്റ് കളർ ലാബിന് 19,908/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് ക്വട്ടേഷൻ വിളിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 39/28.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ.(പി)

നം.3/2013, എസ്.പി.ഡി, തീയതി 21.06.2013 പ്രകാരം 15,000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതുണ്ട്. ഇവിടെ അത് പാലിച്ചതായി കാണുന്നില്ല. പദ്ധതി നിർവഹണത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

# 1-34 അമൃതം ന്യൂട്രിമിക്സ് - അംഗനവാടികളിലെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല

അംഗനവാടികളിലേയും ഐ. സി. ഡി. എസ്. സൂപ്പർവൈസറുടേയും സ്റ്റോക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നം. | അംഗന വാടി നം | ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് ബുക്കിലെ വിവരം, ഇൻവോയ്സ് നം, തീയതി (അമൃതം ന്യൂട്രിമിക്സ്) | അംഗനവാടി സ്റ്റോക്കിലെ വിവരം | വ്യത്യാസം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 107 | 4-08-2018, 52 കി.ഗ്രാം | 63 കി.ഗ്രാം | 11 കി ഗ്രാം | |
| 2 | 107 | 11-10-2018 സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല | 35 കി. ഗ്രാം | 35 കി ഗ്രാം | ഐ സി ഡി എസ് സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം നടത്തിയതായി കാണുന്നില്ല |
| 3 | 107 | 13-11-2018, 64 കി. ഗ്രാം | 84 കി ഗ്രാം | 20 കി ഗ്രാം | |
| 4 | 107 | 19-12-2018, 77 കി ഗ്രാം | 21-12-2018 74 കി. ഗ്രാം | 3 കി ഗ്രാം | |
| 5 | 72 | 62/31-08-2018, 49 കി ഗ്രാം | ഇല്ല | 49 കി ഗ്രാം | |
| 6 | 72 | ഇല്ല | ഒക്ടോബർ 2018, 49 കി. ഗ്രാം | 49 കി ഗ്രാം | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം ) മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗനവാടി മോണിട്ടറിംഗ് സമിതികളും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം പരിശോധിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

# 1-35 ജാഗ്രതാസമിതി പ്രവർത്തനം

## ശക്തിപ്പെടുത്തണം

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ തീയതി ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാനും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം. രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കണം. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല. ജാഗ്രതാസമിതി ശക്തിപ്പെടുത്തൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ അപാകത.സബ്സിഡി പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല.

2018-19 വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെപ്പറയുന്നതിന്റെ പ്രോജക്ട് നിർവ്വഹണത്തിൽ സബ്സിഡി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ആനുകൂല്യ വിതരണം എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

| | |
|---|---|
| പ്രോജക്ട് നം | 51/18-19 |

| | |
|---|---|
| | മത്സ്യതൊഴിലാളികൾക്ക് ഫൈബർ റീഎൻഫോഴ്സ്ഡ് (എഫ്.ആർ.പി)കട്ടമരം/ചെറിയതടി വള്ളം |
| ഫണ്ട് | വികസനഫണ്ട്, മറ്റുള്ളവ |
| അടങ്കൽ | 1200000 |
| ചെലവ് | 789700 |
| നിർവഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ബിൽ നം. | 02/2018-19, തീയതി 12.11.2018<br>06/2018-19, തീയതി 25.01.2019<br>07/2018-19, തീയതി 26.03.2019<br>11/2018-19, തീയതി 26.03.2019 |

ഗ്രാമപഞ്ചായത്തിലെ അംഗീകൃത മത്സ്യതൊഴിലാളികൾക്ക് ഫൈബർ വള്ളം നൽകുന്നതിനുള്ള ധനസഹായമാണ് ഈ പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്നത്. 10000/-രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയ മത്സ്യതൊഴിലാളികൾക്ക് ഫൈബർ വള്ളം അനുവദിച്ചിരിക്കുന്നു.എന്നാൽ 14.02.2018 ലെ സർക്കാർ ഉത്തരവ്(കൈ) 22/2018/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ 6.3 അനുസരിച്ച് ഫൈബർ വള്ളം അനുവദിക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി പരിശോധിക്കപ്പെടേണ്ടതാണ്.

| പദ്ധതി മാർഗ്ഗ നിർദേശം | പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള നടപടിക്രമം |
|---|---|
| സ്വന്തമായി മറ്റ് മത്സ്യബന്ധന ഉപാധികൾ ഇല്ലാത്തവരെന്ന പരിശോധന നടത്തണം | നടത്തിയിട്ടില്ല. |
| എഫ്.ആർ.പി കട്ടമരത്തിന്റെ നിർമ്മാണം മുതൽ ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പരിശോധന നടത്തേണ്ടതാണ്. | നടത്തിയിട്ടില്ല. |
| 8 വർഷത്തിൽ ഒരിക്കൽ മാത്രമേ ആനുകൂല്യത്തിനു അർഹതയുള്ളുവെന്നുള്ള പരിശോധന. | നടത്തിയിട്ടില്ല. |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 46/20 ന (29.09.20) മറുപടി ഹാജരാക്കിയില്ല.

ഭാവിയിൽ ഇത്തരത്തിലുള്ള വ്യവസ്ഥകൾ കൂടി പരിഗണിച്ചും പരിശോധിച്ചും മാത്രം ആനുകൂല്യങ്ങൾ നൽകുവാൻ നിർവഹണോദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

മേൽ പദ്ധതി പ്രകാരം 10000/-രൂപ ഗുണഭോക്തൃവിഹിതം അടവാക്കുന്ന അംഗീകൃത മത്സ്യതൊഴിലാളികൾക്ക് ഫൈബർ ബോട്ട് അനുവദിക്കുന്നു. ഫയൽ പരിശോധനയിൽ 20

പേർക്ക് ഫൈബർ ബോട്ട് അനുവദിച്ചിരിക്കുന്നു. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഹാജരാക്കിയ 17044 -ാം നമ്പർ രസീത് ബുക്ക് പരിശോധിച്ചപ്പോൾ 25 വ്യക്തികൾ ഗുണഭോക്തൃവിഹിതം അടവാക്കിയിരിക്കുന്നു. 5 വ്യക്തികൾ ഗുണഭോക്തൃവിഹിതം ഒടുക്കിയെങ്കിലും അവർക്ക് ഫൈബർ ബോട്ട് അനുവദിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് വിവരം | രസീത് നം/തീയതി | തുക |
|---|---|---|---|
| 1 | മൈക്കിൾ, S/oപത്രോസ്,<br>പുതുവൽ പുരയിടം, തുമ്പ | 7/8.10.2018 | 10000 |
| 2 | ജോസ്, S/oജ്യൂസടിമ,<br>മര്യനാട്, അർത്തിയിൻപുരയിടം | 18/16.10.2018 | 10000 |
| 3 | യൂജിൻ.ജെ, ജിനി ഹൗസ്, മര്യനാട്<br>പുതുകുറിച്ചി | 27/29.10.2018 | 10000 |
| 4 | സെൽവരാജ്,<br>അർത്തിയിൻപുരയിടം, മര്യനാട് | 31/22.11.2018 | 10000 |
| 5 | വിൽഫ്രെഡ്<br>അർത്തിയിൻപുരയിടം, മര്യനാട് | 32/22.11.2018 | 10000 |

അടങ്കൽ തുകയിൽ ചെലവഴിക്കുവാൻ ബാക്കിയുണ്ടായിട്ടും മേൽ വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 47/20(1) ന മറുപടി ഹാജരാക്കിയിട്ടില്ല.

ചെലവഴിക്കുവാൻ തുക അവശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കേണ്ടതാണ്.

ചെലവഴിക്കുവാൻ തുക അവശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയോയെന്നു അടുത്ത വർഷം (2019-20) ഓഡിറ്റ് വേളയിൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

മേൽ പദ്ധതി പ്രകാരം 10,000/- രൂപ അടവാക്കുന്ന അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ ബോട്ട് അനുവദിക്കുന്നു. ഗുണഭോക്തൃവിഹിതവും വികസനഫണ്ടും ചേർത്ത് ഒരാൾക്ക് 40,000/- രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഫയൽ പരിശോധനയിൽ 20 വ്യക്തികൾക്ക് ഫൈബർ ബോട്ട് നൽകിയിരിക്കുന്നു. എന്നാൽ റെയ്നാൾഡ് പെരേര, തോപ്പിൽ ഹൗസ്, പുത്തൻതോപ്പ് എന്ന വ്യക്തിയുടെ കരാർ ഉടമ്പടി

ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.47/2020(2)-ന മറുപടി ഹാജരാക്കിയിട്ടില്ല. കരാർ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർ ആനുകൂല്യം കൈപ്പറ്റി-26,376/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 140/18-19 |
| പ്രോജക്റ്റിന്റെ പേര് | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 4,35,000/- |
| ചെലവ് തുക | 2,63,760 /- |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ | 02/18-19 തീയതി 01-12-2018 – 1,64,850 /രൂപ |
| | 10/18-19 തീയതി 20.03.2019 – 98,910/-രൂപ |
| നിർവ്വഹണം | അസി.സെക്രട്ടറി |

80 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഇതിലേക്കായി ടെണ്ടർ ക്ഷണിച്ചതിൽ ട്രൈ ടെക്ക് ട്രേയ്ഡേഴ്സ്, ഗാന്ധി നഗർ, വഴുതക്കാടി ന്റെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചു. മേൽ പരാമർശിച്ച വിശദാംശങ്ങൾ പ്രകാരം 80 കട്ടിൽ വാങ്ങി ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു. പ്രോജക്റ്റിന്റെ അനുബന്ധ രേഖകൾ/ കൈപ്പറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇതിലേക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചുവടെ വിവരിക്കുന്നവർ കട്ടിൽ കൈപ്പറ്റിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/29.09.2020) അസി.സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ചെലവ് തുക 2,63,760/- രൂപ തടസ്സപ്പെടുത്തുന്നു.

| | പേര് | വിലാസം | വാർഡ് |
|---|---|---|---|
| 1 | ശ്രീമതി.ഇന്ദിര | സുജി ഭവനം, ചിറയ്ക്കൽ മണക്കാട്ടു വിളാകം, ചിറ്റാറ്റ് മുക്ക് | V |
| 2 | ശ്രീമതി.കാർത്യായനി | മണക്കാട്ടിൽ വീട്, കഠിനംകുളം | XXI |
| 3 | ശ്രീമതി.ജഗദമ്മ | മണക്കാട്ടിൽ വീട്, കഠിനംകുളം | II |

| | | | |
|---|---|---|---|
| | W/O ഹരിദാസൻ | | |
| 4 | ശ്രീമതി.പ്രസന്ന,<br>D /O രാഘവൻ | മുറിക്കാൽ വിളാകം,<br>കഠിനംകുളം | II |
| 5 | ശ്രീമതി.ഓമന കെ,<br>D /o വേലുക്കുട്ടൻ | പുതുവൽ പുത്തൻവീട്,<br>ചിറയ്ക്കൽ | VII |
| 6 | ശ്രീമതി.സുശീല ടി,<br>W/O ഭുവനചന്ദ്രൻ | ചിറയ്ക്കൽ ചരുവിളാകം | VII |
| 7 | ശ്രീമതി. ശാന്ത | തുമ്പ വിളാകം മേനംകുളം | IX |
| 8 | ശ്രീമതി.ഓമന | പുതുവൽ വീട്, കഠിനംകുളം | III |

ഇതിന്മേലുള്ള വിശദീകരണം ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-38 സ്പോർട്സ് കിറ്റ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല-91,816/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/18-19 |
| പ്രോജക്ടിന്റെ പേര് | സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| അടങ്കൽ | 92,000/- |
| ചെലവ് | 91,816/- |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ബിൽ നമ്പർ | 9/18-19 തീയതി 12.02.2019<br>91,816/- |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്പോർട്സ് ക്ലബുകൾക്ക് വിവിധ സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി ടെണ്ടർ ക്ഷണിച്ചതിൽ M/s KAMUL sports and musicalsഎന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. മേൽ പരാമർശിച്ച ചെലവ് രേഖകൾ പ്രകാരം M/s KAMUL sports and musicals ൽ നിന്നും സ്പോർട്സ് ഉപകരണണങ്ങൾ വാങ്ങി വിതരണം ചെയ്തു. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ക്ലബുകൾ കൈപ്പറ്റിയതിന്റെയും രേഖകൾ ഫയലിൽ

സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 148)/ കൈപ്പറ്റ് രേഖ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 49/29.09.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ പ്രോജക്ടിനായി ചെലവഴിച്ച 91,816/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ / കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-39 യുവജനങ്ങൾക്ക് കായികപരിശീലനം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 63,676/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | യുവജനങ്ങൾക്ക് കായിക പരിശീലനം |
| പ്രോജക്ട് നമ്പർ | 143/18-19 |
| അടങ്കൽ | 1,00,000/- |
| ചെലവ് | 63,676/- |
| ബിൽ നമ്പർ/തീയതി | 4/2018-19/12.12.2018 -26,700/-<br>6/2018-19/21.12.2018-36976/-<br>ആകെ 63,676/- |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| നിർവ്വഹണം | അസി.സെക്രട്ടറി |

യുവജനങ്ങൾക്ക് കായിക പരിശീലനം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത് (സ.ഉ.നം.22/2018/തസ്വഭവ തീയതി 14.02.2018 നം. ഉത്തരവിലെ ഖ.7.6.2) . മേൽ പരാമർശിച്ച പ്രകാരം പദ്ധതി തുക ചെലവ് ചെയ്തുങ്കിലും ഏതൊക്കെ ഇനങ്ങൾക്ക് പരിശീലനം സംഘടിപ്പിച്ചു, പരിശീലനത്തിൽ പങ്കെടുത്തവരുടെ വിശദാംശം, ഹാജർ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇവ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും 50/29.09.2020 മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ചെലവ് തുക 63,676/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-40 ലൈഫ് ഭവനപദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0032/2019 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി 2018-2019 |

| | |
|---|---|
| അടങ്കൽ | 16,28,00,000/- |
| ചെലവ് | 4,12,00,000/- |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ)<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ചുവടെപ്പറയുന്ന ഗുണഭോക്താക്കൾ 2018-19 വർഷം ലൈഫ് ഭവന പദ്ധതിയിലെ (ജി.ഓ (എം.എസ്)നം.151/2017/തസ്വഭവ തീയതി 31-07-2017) അവസാന ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

1. പ്രഭ കുമാരി (മുകുന്ദൻ നായർ )

   കാവിൽ കടവ് വീട്, കഠിനംകുളം

2. റസീന ബീവി (നവാസ്)

   ശെയ്ക്ക വിളാകം,ചേരമാൻ തുരുത്ത്

3. ശാന്ത കെ ( ഗണേശൻ)

   കോട്ടക്കറിയിൽ വീട്

4. ഇസബെല്ല ബെനാൻസ്

   അർത്തിയിൽ പുരയിടം

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 32/25.09.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-41 ലൈഫ് ഭവനപദ്ധതിയിൽ കേസിൽപ്പെട്ട് കിടക്കുന്ന സ്ഥലത്തിന്റെ ഈടിൽ തുകകൾ അനുവദിച്ചു

| | |
|---|---|
| പദ്ധതി നമ്പർ | SO 178/2019 |
| പദ്ധതിയുടെ പേര് | സ്പിൽ ഓവർ ഭവനങ്ങളുടെ - ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | 2,88,000/- |
| | |

| | |
|---|---|
| ചെലവ് | 50,000/- |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ലൈഫ് ഭവനപദ്ധതിയിൽ അപേക്ഷിച്ച രണ്ട് ഗുണഭോക്താക്കളായ ശ്രീമതി. ബ്ലെയ്സി ഏലിയാസ്, വ്യാകുലം ലോറൻസ് എന്നിവർക്ക് കേസിൽപ്പെട്ട് കിടക്കുന്ന സ്ഥലത്തിന്റെ ഈടിൽ യഥാക്രമം 52,500/-, 30,000/- രൂപ ലൈഫ് ഭവനപദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഇവർക്ക് അനുവദിച്ച തുകകൾ തിരികെ ഈടാക്കാൻ 31.03.2018, 10.08.2018 എന്നീ തീയതികളിൽ അറിയിപ്പ് നൽകിയതായി ഫയൽ പരിശോധനയിൽ കാണുന്നു. ഇതു സംബന്ധിച്ച് തുടർന്ന് സ്വീകരിച്ച നടപടികളറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 22/24.09.2020 ) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 20,62,620/- രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ 2018-19 ലെ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ തുക, ഫണ്ടിനം | ചെലവു തുക |
|---|---|---|---|
| 1 | 44/19 - പാലിയേറ്റീവ് പരിചരണ പരിപാടി | 13,63,800/- വികസന ഫണ്ട് പൊതുവിഭാഗം | 13,63,800/- |
| 2 | 45/19 - പാലിയേറ്റീവ് പരിചരണ സ്ഥാപനങ്ങൾക്ക് മരുന്നു വാങ്ങൽ | 50,000/- വികസന ഫണ്ട് പൊതുവിഭാഗം | 50,000/- |
| 3 | 46/19- ഗ്രാമ പഞ്ചായത്ത് പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 2,00,000/- മെയി. ഫണ്ട് റോഡിതരം | 2,00,000/- |
| 4 | 48/19 – ആരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന രോഗ പ്രധിരോധ കുത്തി വയ്പ് | 36,000/- തനത് ഫണ്ട് | 36,000/- |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾക്ക് വാഹന വാടക | | |
| 5 | 50/19 – അർബുധ രോഗ നിർണ്ണയ ക്യാമ്പുകൾ | 1,33,000/- തനത് ഫണ്ട് | 1,33,000/- |
| 6 | 52/19 – റ്റി.ബി. രോഗികൾക്ക് ചികിത്സാ കാലയളവിൽ പ്രോട്ടീൻ പൗഡർ വിതരണം | 1,35,000/- തനത് ഫണ്ട് | 1,35,000/- |
| 7 | 54/19 – കൊതുക് നിയന്ത്രണ പദ്ധതി (ഫോഗിംഗ്, ഗപ്പി മത്സ്യ വിതരണം) | 1,44,820/- തനത് ഫണ്ട് | 1,44,820/- |
| | | ആകെ ചെലവു തുക | 20,62,620/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ (2/28.09.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കുള്ള ആകെ ചെലവു തുകയായ 20,62,620/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകളും അനുബന്ധ രേഖകളും ലഭ്യമാക്കി ഓഡിറ്റിന് വിധേയമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-43 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 18,00,402/- രൂപ തടസ്സപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്.,കഠിനംകുളം നിർവ്വഹണം നടത്തിയ 2018-19 ലെ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് | അടങ്കൽ തുക,ഫണ്ടിനം | ചെലവു തുക |
|---|---|---|---|
| 1 | 57/19 - ഗ്രാമപഞ്ചായത്ത് എൽ.പി.സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം | 10,00,000/- വികസന ഫണ്ട് പൊതു വിഭാഗം | 7,09,030/- |
| 2 | 58/19 - പ്രവേശനോൽസവം | 1,00,000/- തനത് ഫണ്ട് | 1,00,000/- |
| 3 | 155/19 - ഗ്രാമപഞ്ചായത്ത് എൽ.പി.സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (സ്പിൽ ഓവർ) | 1,05,910/- വികസന ഫണ്ട് പൊതു വിഭാഗം | 1,04,080/- |
| 4 | 157/19 – സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം (സ്പിൽ ഓവർ) | 2,18,390/-(വികസന ഫണ്ട് പൊതു വിഭാഗം) | 8,57,860/- (76,250+ |

| | | | |
|---|---|---|---|
| | | 7,81,610/- ( മെയി.ഫണ്ട് റോഡിതരം) | 7,81,610) |
| 5 | 241/19 - സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 50,000/- തനത് ഫണ്ട് | 29,432/- |
| | | ആകെ ചെലവു തുക | 18,00,402/- |

ഇതു സംബന്ധിച്ച ഓഡിറ്റ് റിക്വിസിഷൻ (2/28.09.2020) നൽകിയിട്ടും ഫയലുകൾ ഹാജരാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ ആകെ ചെലവു തുകയായ 18,00,402/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലേലം നിബന്ധന പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയില്ല - 23036/-രൂപയുടെ നഷ്ടം

2018-19 സാമ്പത്തിക വർഷം ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് ലേലേം നൽകിയതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകങ്ങൾകാണുന്നു. ലേല നിബന്ധന പ്രകാരം,(നം. 1) മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിന്റെ അവകാശം ലേലം പിടിക്കുന്നവർ ലേല തുകയുടെ 12% ജി എസ് ടി ഉൾപ്പെടെയുള്ള തുകയുടെ ¼ തുക അപ്പോൾ തന്നെ കെട്ടി വയ്ക്കേണ്ടതും ലേല തുകയുടെ ¼ തുക ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയതിനുശേഷം അടയ്ക്കേണ്ടതും ബാക്കി തുകയ്ക്ക് റവന്യൂ വകുപ്പിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. അവശേഷിക്കുന്ന ലേല തുക 30-6-2018, 30-09-2018 എന്നീ തീയതികൾക്ക മുൻപ് തുല്യ ഗഡുക്കളായി ഒടുക്കു വരുത്തി രസീത് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം 18% പലിശ ഈടാക്കുന്നതും ലേലം റദ്ദു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ലേലം നടന്നത് 19-03-2018 നാണ്. 10,10,000/- രൂപയ്ക്കാണ് ലേലം സ്ഥിരപ്പെടുത്തിയത്.

ലേലതുകയുടെ അടവ് താഴെക്കൊടുക്കുന്നു.

| ക്രമ നം | അടവ് വിവരം | തുക | രസീത് നം, തീയതി |
|---|---|---|---|
| 1 | ആദ്യ അടവ് | 505000 | 117120900025, 31-03-2018 |
| 2 | രണ്ടാമത്തെ അടവ് | 252500 | 11812090000, 05-07-2018 |
| 3 | മൂന്നാമത്തെ അടവ് | 252500 | 118260900167, 31-03-2019 |

ലേല തുകയുടെ 1/4 , 19-03-2018ൽ അടയ്ക്കേണ്ടതായിരുന്നു. അത് പാലിച്ചിട്ടില്ല. അടുത്ത ഗഡുക്കളും സമയബന്ധിതമായി അടവാക്കിയിട്ടില്ല. 30-06-2018 ന് അടവാക്കേണ്ട തുക 05-07-2018 നാണ് അടവാക്കിയിട്ടുള്ളത്. 30-09-2018 ന് അടവാക്കണ്ട തുക 31-03-2019 നാണ് അടവാക്കിയത്. നിബന്ധന പ്രകാരമുള്ള 18% പലിശ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/24.09.20) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 01-07-2018 മുതൽ 04-07-2018 വരെയുള്ള പിഴപ്പലിശ 498/-രൂപയും, 01-10-2018 മുതതൽ 30-03-2019 വരെയുള്ള പിഴപ്പലിശ 22538/-രൂപയും ചേർത്ത് 23036/-രൂപയുടെ നഷ്ടം ഗ്രാമ പഞ്ചായത്തിനുണ്ടായിട്ടുണ്ട് പ്രസ്തുത തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ 25.06.2019 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി. 11/1187/19, തീയതി 22.07.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തദ്ദേശ സ്ഥാപനത്തിന്റെ പേര് | വർഷം | വരവ് (ലഡ്ജർ പ്രകാരം) | പ്രോജക്ടിന്റെ പേര് | ചെലവ് (സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ചേരമാൻ തുരുത്ത് പാലം നിർമ്മാണം | 307147 | 692853 |
| | | 70000 | ഹരിതഭവനം | 70000 | 0 |
| | | 30000 | ജൈവ സമൃദ്ധി | 30000 | 0 |
| | | 14400 | കിണർ റീചാർജ്ജിംഗ് (എസ്.സി) | 7200 | 7200 |
| | | 15120 | കിണർ റീചാർജ്ജിംഗ് | 4320 | 10800 |
| | | 2962559 | ലൈഫ് (ജനറൽ) | 2960204 | 2355 |
| | | 1825418 | ലൈഫ് (പട്ടികജാതി) | 1818100 | 7318 |
| | | 60000 | ക്ഷീരസമൃദ്ധി | 60000 | 0 |
| | | 819375 | സ്നേഹസ്പർശം | 819375 | 0 |
| | | 2125 | കേദാരം | 2125 | 0 |
| | | 30000 | കൃഷി വിഹിതം (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത്) | 0 | 30000 |
| | | 2960000 | (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത്) | 0 | 2960000 |
| | | 70000 | (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത്) | 0 | 70000 |
| | | 184550 | (സുലേഖ ചെലവ് | 0 | 184550 |

| | | | | | |
|---|---|---|---|---|---|
| | | | പത്രികയിൽ ഉൾപ്പെടാത്തത്) | | |
| ആകെ | | 10043547 | | 6078471 | 3965076 |

2018-19 വർഷത്തെ വരവ് ലഡ്ജർ പ്രകാരം 10043547 രൂപയും ആർ.പി സ്റ്റേറ്റ്മെന്റ് പ്രകാരം 7013547രൂപയുമാണ്. തൻവർഷത്തെ ചെലവ് ലഡ്ജർ പ്രകാരം 8831471 രൂപയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 6078471 രൂപയുമാണ്. ഇക്കരാണത്താൽ ബി-4 ഷെഡ്യൂളിലെ നീക്കിയരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താനായില്ല.

| തദ്ദേശ സ്ഥാപനത്തിന്റെ പേര് | വർഷം | വരവ് (ലഡ്ജർ പ്രകാരം) | പ്രോജക്ടിന്റെ പേര് | ചെലവ് (സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 721900 | ലൈഫ് മിഷൻ എസ്.സി | 721900 | 0 |
| | | 1327530 | ലൈഫ് (ജനറൽ) | 1327530 | 0 |
| | | 819375 | സ്നേഹസ്പർശം | 819375 | 0 |
| | | 300000 | ക്ഷീരസമൃദ്ധി | 300000 | 0 |
| | | 138540 | കിണർ റീചാർജ്ജ് | 2880 | 135660 |
| | | 17600 | കിണർ റീചാർജ്ജ് എസ്.സി | 4800 | 12800 |
| | | 17600 | ജൈവ സമൃദ്ധി | 30000 | 5200 |
| | | 17600 | | | |
| | | 4250 | കേദാരം | 4250 | 0 |
| | | 841560 | (സുലേഖയിൽ രേഖപ്പെടുത്തലില്ല) | 0 | 841560 |
| ആകെ | | 4205955 | | 3210735 | 995220 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൻവർഷ വരവ് 41,70,755 രൂപയും ലഡ്ജർ പ്രകാരമുള്ള വരവ് 42,05,955 രൂപയുമാണ്. 35,200 രൂപയുടെ വരവ് ആർ.പി യിൽ അക്കൌണ്ട്

ചെയ്തിട്ടില്ല. ഇക്കാരണത്താൽ ലഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പിലും 35,200 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻക്കൂർ നൽകിയ തുക (2018-19) | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 4,99,872 | 2,49,924 | *2,49,948 |
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000 | | 5,00,000** |
| KWA | അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 60,000 | | 60,000** |

** KWA യ്ക്ക് Project No.111/2018-19 പ്രകാരം 5,00,000/- രൂപ കൈമാറിയതിനു വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. Project No.92/2018-19 പ്രകാരം 60000/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയതിനും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തൻവർഷ balalce Sheetന്റെ B-18 Schedule-ന്റെ Ledger പരിശോധിച്ചതിൽ പ്രസ്തുത രണ്ടു പദ്ധതികളുടെയും തുക കൈമാറൽ ബന്ധപ്പെട്ട ശീർഷകത്തിൽ (460500201) അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഇക്കാരണത്താൽ മുൻ വർഷത്തെ നീക്കിയിരിപ്പ് തുക തന്നെ തൻവർഷവും മാറ്റമില്ലാതെ അവശേഷിക്കുന്നു.

KSEB യ്ക്ക് തൻവർഷം Project No.110/2018-19 പ്രകാരം 4,99,872/- രൂപ കൈമാറിയതിൽ 2,49,924/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ട്. പ്രസ്തുത Project ന്റെ തുക കൈമാറിയതും (4,99,872/-) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതും B-18 Schedule-ൽ തൻവർഷം account ചെയ്തിട്ടില്ല. ആയതിനാൽ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെയാണ് ഈ വർഷവും ബന്ധപ്പെട്ട ശീർഷകത്തിൽ (460500202) രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷ B-18 Schedule-ൽ നിർവ്വഹണ agency

കളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെ തുടർ വിവരം സംബന്ധിച്ചും രേഖകളൊന്നും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 275/ic/lsgd, dtd 27.01.2010 | 2,03,50,500 | 9,06,900 | 7,50,000 | | 6,900 |
| KURDFC | | 2,93,12,266 | | - | | 2,93,12,266 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് | 50,00,000/- |

നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം |
|---|---|---|---|---|---|
| 1 | 2012-13 | -- | 6,000/- | ശ്രീമതി.പ്രഭ,സെക്രട്ടറി | 118100105423/ 28.01.19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,90,69,054/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,98,39,043/- |
| വരവിനങ്ങളിലുള്ള നഷ്ടം | 23,036/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53,32,296/- |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 23036/- | - | ശ്രീമതി.മിനി.ജെ, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | ~~11,67,972/-~~ | ~~ശ്രീമതി.മിനി.ജെ, സെക്രട്ടറി.~~ |
| 1-24 | 1,19,434/- | ശ്രീമതി.മിനി.ജെ, സെക്രട്ടറി. |
| 1-37 | 26,376/- | ശ്രീ.അനിൽകുമാർ, അസി. സെക്രട്ടറി |
| 1-38 | 91,816/- | ശ്രീ.അനിൽകുമാർ, അസി. സെക്രട്ടറി |
| 1-39 | 63,676/- | ശ്രീ.അനിൽകുമാർ, അസി. സെക്രട്ടറി |
| 1-42 | 20,62,620/- | ശ്രീ.ഗോഡ്ഫ്രീ പെരേര, എം.ഒ., പി.എച്ച്.സി. |
| 1-43 | 18,00,402/- | ശ്രീ. മുഹമ്മദ് റാഫി, ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്. |
| | 53,32,296/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.മിനി.ജെ, സെക്രട്ടറി. | സെക്രട്ടറി,കഠിനംകുളം ഗ്രാമ പഞ്ചായത്ത് | House No. 7, Mangrath Gardens, Pappanamcode P.O. Thiruvananthapuram |
| 2 | ശ്രീ.അനിൽകുമാർ, അസി. സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പോത്തൻകോട് ഗ്രാമ പഞ്ചായത്ത് | Rohini Bhavan, Mannanthala P.O., Thiruvananthapuram-15 |
| 3 | ശ്രീ.ഗോഡ്ഫ്രീ പെരേര, എം.ഒ., പി.എച്ച്.സി. | എം.ഒ., പി.എച്ച്.സി | ഗോഡ്ഫ്രീ വില്ല, St.Thomas Street, St. Xaviers College P.O., Thiruvananthapuram. |
| 4 | ശ്രീ. മുഹമ്മദ് റാഫി, ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്. | ഹെഡ് മാസ്റ്റർ, ഗവ.എൽ .പി.എസ്. കഠിനംകുളം | Sabarmathi, Cherukayalkara, Murukkumpuzha - 695302 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | നം.കെ.എസ്.എ.ഡി.റ്റി.വി.എം. ജി.പി.11.933/2018 തീ.08.05.2017 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.708/08 തീ.19.04.2014 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.380/09 തീ.22.09.2009/ 09.02.2010 | - |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.381/09 തീ. 05.10.2009/ 09.02.2010 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.326/10 തീ.13.06.2011 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.327/10 തീ.03.12.2013 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.28.06.2012 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.25.04.2013 | - |
| 2010-11 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11.933/18 തീ.08.05.2019 | - |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.1108/13 തീ.09.06.2015 | - |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.1341/14 തീ.18.12.2015 | - |
| 2013-14 | നം.കെ.എസ്.എ.ഡി.റ്റി.വി.എം.ജി.പി.11.933/18 തീ.08.05.2019 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1234/16 തീ.21.07.2016 | - |
| 2015-16 | നം. കെ.എസ്.എ. റ്റി.വി.എം.ജി.പി.11/1964/16 തീയതി 14.11.2016 | - |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 11 /1935/2017 തീയതി: 27.9.2017 | - |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 11 /319/2019തീയതി: 22.04.2019 | 30 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

PR 20.11.2020